# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1346** 07.06.2018 -ലെ മറുപടിയ്ക്ക്

## വിദ്യാഭ്യാസമേഖലയിലെ മാറ്റങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. നൗഷാദ് | | പ്രൊഫ. സി രവീന്ദ്രനാഥ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മേഖലയിൽ പുതിയതായി കോളേജുകൾ, പോളിടെക്നിക്ക് കോളേജുകൾ, എൻജിനിയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ എന്നിവ ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) & (ബി) | 2018-19 അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിലെ കിനാനൂർ, പാലക്കാട് ജില്ലയിലെ തരൂർ, ഇടുക്കി ജില്ലയിലെ ശാന്തൻപാറ എന്നിവിടങ്ങളിൽ സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൽ കാസർഗോഡ് ജില്ലയിലെ കിനാനൂർ, പാലക്കാട് ജില്ലയിലെ തരൂർ എന്നിവിടങ്ങളിൽ കോളേജുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏത് ജില്ലയിൽ ഏത് സ്ഥലത്താണ് പുതിയ കോളേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | ഹയർ സെക്കന്ററി വിദ്യാഭ്യാസം അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കാനും പൊതുപരീക്ഷ പത്താം ക്ലാസ്സിന് പകരം പ്ലസ് ടു തലത്തിൽ മാത്രമാക്കാനുമുള്ള നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇല്ല |
| (ഡി) | അംഗൻവാടികളെ സർക്കാർ എയ്ഡഡ് എൽ.പി. സ്കൂളുകളുടെ ഭാഗമാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ